**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **.6565** 21-11-2019 -ൽ മറുപടിക്ക്

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മാണത്തിന് ഉത്തരവായിട്ടുള്ള പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | പ്രവൃത്തികൾക്ക് അനുവദിക്കുന്ന തുകയിലുള്ള പോരായ്മ, കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ വെള്ളക്കെട്ടുള്ളതിനാൽ വാഹനങ്ങൾ എത്തിപ്പെടാനുള്ള അസൗകര്യം, നിർമ്മാണ സാമഗ്രികളുടെ കുറവ്, അവയുടെ വില വർദ്ധനവ്, പ്രതികൂലമായ കാലാവസ്ഥ, പ്രൈസ് കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് എന്നിവ മൂലം ചില ജില്ലകളിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കാലോചിതമായ പരിഷ്കാരത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ട റിപ്പയർ പ്രവൃത്തികളാണ് (immediate repair / restoration). കേന്ദ്ര മാനദണ്ഡപ്രകാരം ഒരു കിലോമീറ്റർ ഗ്രാമീണ റോഡിന്റെ പുനരുദ്ധാരണത്തിന് 60,000/- രൂപ (അറുപതിനായിരം രൂപാ മാത്രം) മാത്രമാണ് അനുവദനീയം. അത്തരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിന് ദുരന്ത പ്രതികരണ നിധിയിൽ വ്യവസ്ഥകളില്ല. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡമാണ് നിലവിലുള്ളത്. അവ പരിഷ്കരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| സി) | ഈ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ; വിശദീകരിക്കുമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം സംബന്ധിച്ചും ഫണ്ട് വിനിയോഗം സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ